# അക്കാദമിക
# വാർഷിക പ്ലാൻ
# 2025

# ആമുഖം

സമകാലിക വിദ്യാഭ്യാസ വ്യവസ്ഥയിൽ സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളുടെ പൂർണ്ണമായ മാനസിക - ഭൗതിക- സാംസ്ക്കാരിക മാനവീയ വികസനങ്ങൾ ലക്ഷ്യം വച്ചാണ് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ പൂർണ്ണമായ മാനസിക -ഭൗതിക-സാംസ്ക്കാരിക മാനവീയ വികസനങ്ങൾ ലക്ഷ്യം വച്ചാണ് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ പഠന നിലവാരം മനസ്സിലാക്കി വിദ്യാർത്ഥികളിൽ അറിവുനേടലിനേയും അന്വേഷണ മനോഭാവത്തിനേയും വ്യക്തമായ ആശയവിനിമയത്തിനേയും വളർത്തുന്നതിനുള്ള കൃത്യമായ മാർഗ്ഗരേഖകളാണ് ഈ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടികളുടെ മാനസികവും സാമൂഹികവുമായ വ്യക്തിത്വ വികസനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് അവരെ നാളെയുടെ നല്ലൊരു പൗരനായി വാർത്തെടുക്കുക എന്ന അന്തിമ ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ആസൂത്രണം ചെയ്തിരിക്കുന്നത്.

# മലയാളം - അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഭാഷയുടെ അടിസ്ഥാനശേഷി വികസനം സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | ഭാഷാ കേളി<br>❖ അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ വായിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>❖ വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>❖ അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്കുകളുടെയും നിർമ്മാണം .<br>❖ പാഠപുസ്തകത്തിലെ പുതിയ പദങ്ങൾ കണ്ടെത്തി നിഘണ്ടു നിർമ്മിക്കൽ<br>❖ ഡയറി എഴുത്ത് | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂലൈ -മാർച്ച് | ഭാഷ അധ്യാപകർ<br>ഭാഷ അധ്യാപകർ<br>ഭാഷ അധ്യാപകർ<br>ഭാഷ അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | ❖ ലൈബ്രറി നവീകരണം<br>❖ എല്ലാ കുട്ടികളെയും ആഴ്ചയിലൊരിക്കൽ ലൈബ്രറി റൂമിലിരുത്തി അവരുടെ | മെയ് | | |

| | | | | |
|---|---|---|---|---|
| | നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ വിതരണം ചെയ്ത് വായിപ്പിക്കുന്നു.<br>❖ പത്രവായന<br>❖ വായന മത്സരം<br>❖ ക്ലാസ്സ് തല വായന മത്സരം (പാഠഭാഗം)<br>❖ മികച്ച വായന അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>❖ സ്കൂൾതല വായന മത്സരം<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം | എല്ലാ ദിവസവും<br>മാസത്തിൽ ഒരിക്കൽ<br>എല്ലാ മാസവും | ഭാഷ അധ്യാപകർ<br>ഭാഷ അധ്യാപകർ | |
| സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗ ശേഷി വളർത്തൽ | സംവേദനം<br>❖ ഐ.സി.ടി സാദ്ധ്യത ഉപയോഗപ്പെടുത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | പ്രധാന അധ്യാപിക ഭാഷ അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനയെ പരിപോഷിപ്പിക്കൽ | ❖ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ ലഘു നാടകങ്ങൾ എന്നിവ അവതരിപ്പിക്കുക | ജൂലൈ – മാർച്ച് | ഭാഷ അധ്യാപകർ | |

# സംസ്കൃതം - അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം |
|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം.<br>യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷാജ്ഞാനം<br>❖ അക്ഷരം എഴുത്ത്<br>❖ ചിഹ്നം ഉറപ്പിക്കൽ<br>❖ അക്ഷര കാർഡ്<br>❖ വാക്കുകൾ എഴുതിയ കാർഡ്<br>❖ അക്ഷരമാല പ്രദർശനം<br>❖ അക്ഷരമാല കളികൾ<br>❖ അക്ഷരമരം നിർമ്മിക്കൽ<br>❖ പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ മുതൽ ഓഗസ്റ്റ് വരെ | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT |
| | 2. പറയാം പഠിക്കാം<br>❖ ചിത്രങ്ങളുടെ പേര് പറയൽ<br>❖ ചിത്രകഥകൾ<br>❖ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങളുടെ പരിചയം<br>❖ പച്ചക്കറികൾ, പൂക്കൾ, പഴങ്ങൾ മൃഗങ്ങൾ പക്ഷികൾ പ്രാണികൾ എന്നിവയുടെ വായന കാർഡ് വായന | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT |

| | | | |
|---|---|---|---|
| 2. വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | ❖ വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>❖ ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ ഒക്ടോബർ | സംസ്കൃതം നിഘണ്ടു |
| 3. വായന ലോകം (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ) | ❖ തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>❖ ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>❖ വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>❖ കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ ക്ലാസ്സിൽ അല്ലെങ്കിൽ അസംബ്ലിയിൽ അനുമോദിക്കുക | 6മാസം | സംസ്കൃത മാസികകൾ പാഠപുസ്തകം |
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | ❖ ക്ലബ്ബ് രൂപീകരണം<br>❖ പഠനോപകരണ നിർമ്മാണം<br>❖ പഠനയാത്ര<br>❖ ഗൃഹ സന്ദർശനം | ജൂൺ മാർച്ച് | ക്ലാസ് റൂം ചാർട്ട് |

| | | | |
|---|---|---|---|
| 5 മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | ❖ ഇതിഹാസം, പുരാണം ഇവയെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു.<br>❖ ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു<br>❖ എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>❖ മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു.<br>❖ രാമായണ മാസാചരണത്തിന്റെ ഭാഗമായി പ്രശ്നോത്തരി രാമായണം ചിത്രരചന എന്നിവ നടത്തൽ<br>❖ സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തയ്യാറാക്കൽ.<br>❖ കവിതാ പാരായണം സംസ്കൃത പദ്യം ചൊല്ലൽ കഥാകഥനം എന്നീ ഇനങ്ങളിൽ മത്സരം സംഘടിപ്പിക്കൽ.<br>മികച്ച പ്രകടനത്തിന് സമ്മാനം നൽകൽ | ജൂൺ മാർച്ച് | ക്ലാസ്സ് റൂം |
| 6. **ആസ്വാദനലോകം** ഓരോ കുട്ടിയുടെയും ആസ്വാദനശേഷി | ❖ എല്ലാ ആഴ്ചയിലും ഒരു ദിവസം സംസ്കൃത അസംബ്ലി നടത്തൽ അതിൽ പ്രാർത്ഥന, ചിന്താവിഷയം എന്നിവ | 5 മാസം | സംസ്കൃതം ക്ലാസ് റൂം |

| | | | |
|---|---|---|---|
| വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യുവാനും വേണ്ടി | സംസ്കൃത ഭാഷയിൽ ആയിരിക്കണം. ഇതു കൂടാതെ ഭഗവത്ഗീതാ പാരായണം നാരായണീയ പാരായണം എന്നിവ ഉണ്ടാ യിരിക്കും. സുഭാഷിതങ്ങളുടെ അവതരണം എന്നിവ ഉണ്ടാകും. എല്ലാ കുട്ടികൾക്കും അവസരം ലഭിക്കുന്നതാണ്<br>❖ മാസത്തിൽ ഒരുതവണ ആസ്വാദനസഭ ചേരുന്നു. ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം.<br>❖ നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>❖ സ്വയം പരിചയപ്പെടുത്തൽ (സംസ്കൃത ഭാഷയിൽ) | | |
| 7 പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | ❖ ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>❖ പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>❖ ഗൃഹ സന്ദർശനം നടത്തുന്നു | ജൂൺ മാർച്ച് | ക്ലാസ് റൂം |

# ഉറുദു – അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം |
|---|---|---|---|
| 1. യുപി തലത്തിലുള്ള എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ❖ അക്ഷരക്കാട് പ്രദർശനം<br>❖ ചിത്ര സഹിതമുള്ള വായന കാർഡുകൾ വായിപ്പിക്കുന്നതിലൂടെ അക്ഷരം ഉറപ്പിക്കൽ<br>❖ സ്വതന്ത്ര വായനയ്ക്ക് പ്രയാസം നേരിടുന്ന എല്ലാ കുട്ടികളിലും വായനശേഷി വർദ്ധിപ്പിക്കുക.<br>❖ പാട്ടുകളും കഥകളും കേൾപ്പിക്കുക<br>❖ അക്ഷരമാലാ ഗാനങ്ങൾ കേൾപ്പിക്കുക | ജൂൺ ആഗസ്റ്റ് | ചാർട്ടുകൾ പാഠപുസ്തകങ്ങൾ |
| 2. കുട്ടിയെ വായനയുടെ ലോകത്തിലേക്ക് കൊണ്ടുവരൽ | ❖ പുതിയ വാക്കുകൾ നൽകി അവ അക്ഷരമാല ക്രമത്തിൽ നിഘണ്ടു നിർമ്മിക്കുന്നതിലൂടെ കൂടുതൽ വാക്കുകൾ വായിക്കാൻ സാധിക്കുന്നു<br>❖ ചിത്രങ്ങൾ നോക്കി പേര് പറയൽ | 6 മാസം | ചാർട്ടുകൾ പാഠപുസ്തകങ്ങൾ |
| വായന | ❖ വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>❖ കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക | | |

| | | | |
|---|---|---|---|
| എഴുത്ത് | ❖ എല്ലാ കുട്ടികളേയും കോപ്പി ബുക്കിൽ അക്ഷരമാല എഴുതിപ്പിക്കുക, ഇതിലൂടെ അക്ഷരങ്ങൾ എഴുതുന്ന ശൈലി പരിശീലിപ്പിക്കുക<br>❖ പാഠഭാഗത്തിൽ വരുന്ന കവിതകൾ നോട്ട്ബുക്കിൽ എഴുതാൻ പ്രേരിപ്പിക്കുക. അതിൽ കവിതയിൽ നിന്ന് വരുന്ന സമാനപദങ്ങളെ കണ്ടെത്തി എഴുതുവാനും പ്രേരിപ്പിക്കുന്നു.<br>❖ പഴങ്ങൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയെ തരംതിരിച്ച നോട്ട്ബുക്കിൽ എഴുതാൻ പ്രേരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | |
| അസംബ്ലി പ്രവർത്തനങ്ങൾ | ❖ എല്ലാ ആഴ്ചയിലും ഒരു ദിവസം ഉറുദു അസംബ്ലിയിൽ നടത്തി വരുന്നു. അസംബ്ലിയിൽ പ്രാർത്ഥനയും, പ്രതിജ്ഞയും, പാഠഭാഗവുമായി ബന്ധമുള്ള പദ്യവും കവിതയും കുട്ടികൾ ഈണത്തിൽ അവതരിപ്പിക്കുന്നു. | | |

| | | | |
|---|---|---|---|
| | ❖ എല്ലാ വെള്ളിയാഴ്ചയും അക്ഷരവാണി എന്ന ആകാശവാണിയിലൂടെ ഉറുദു ഭാഷയിൽ ഏതെങ്കിലുമൊരു കവിത അവതരിപ്പിക്കുന്നു. | | |
| ദിനാചരണങ്ങൾ | ❖ പരിസ്ഥിതി ദിനം, ശിശുദിനം, വായനാദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഉറുദുവിൽ പോസ്റ്ററുകൾ തയ്യാറാക്കി ക്ലാസുകളിൽ പ്രദർശിപ്പിക്കുക.<br>❖ അതുമായി ബന്ധപ്പെട്ട് കുറിപ്പ് തയ്യാറാക്കുവാനും പ്രേരിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് റൂം |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | ❖ വിദ്യാലയത്തിൽ ഉറുദുഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഉറുദു ക്ലബ്ബ് രൂപീകരിക്കുന്നു. വിദ്യാലയത്തിലെ ഹെഡ്മിസ്ട്രസ്, ഉറുദു അധ്യാപിക, ഉറുദു ഭാഷ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളും ക്ലബ്ബിൽ അംഗമായിരിക്കും. | | |
| വിവരസാങ്കേതിക വിദ്യ | ❖ ഉറുദു ഭാഷാ പഠനത്തിന് സഹായകമാകുന്ന വിവിധ ദൃശ്യ - ശ്രവ്യ മാധ്യമ സാമഗ്രികൾ കുട്ടികളിൽ എത്തിക്കുന്നതിന് വിവര സാങ്കേതിക വിദ്യ ഉപയോഗിക്കുന്നു. | | ക്ലാസ് റൂം<br>ICT |

| | | | |
|---|---|---|---|
| സർഗാത്മക കഴിവുകൾ മത്സരങ്ങൾ | ❖ നന്നായി എഴുതുവാൻ കഴിവുള്ള കുട്ടികളെ രചനാമത്സരങ്ങളിലും വരയ്ക്കുവാൻ കഴിവുള്ളവരെ ചിത്രരചനാ മത്സരങ്ങളിലും പാടാൻ കഴിവുള്ളവരെ കലോത്സവ മത്സരങ്ങളിലും പങ്കെടുപ്പിക്കുന്നു.<br>❖ സമ്മാനർഹരായ കുട്ടികളെ സ്കൂൾ അസംബ്ലിയിൽ പ്രത്യേകം അനുമോദിക്കുകയും ചെയ്യുന്നു. | | |

# അറബിക് - അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം |
|---|---|---|---|
| 1. അറബിക് മധുരം<br>അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | ❖ എഴുത്ത് വായന<br>❖ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക<br>❖ അക്ഷരം തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക | ജൂൺ - ജൂലൈ | പുസ്തകങ്ങൾ |
| 2. വായനാലോകം | ❖ തെരഞ്ഞെടുത്ത അറബിക് പുസ്തക ശേഖരണം<br>❖ ചിത്രകഥ (അറബിക്)<br>❖ കഥാപുസ്തകം<br>❖ കുട്ടിക്കവിതകൾ<br>❖ ചെറിയ വിവരണ ബുക്കുകൾ<br>❖ അറബിക് ക്വിസ്<br>❖ ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ചുമിനിറ്റ് ഒരു ബുക്കിന്റെ ഒരു പേജ് വായിപ്പിക്കുക.<br>❖ കൂടുതൽ ബുക്കുകൾ വായിച്ച കുട്ടിക്ക് സമ്മാനം നൽകുക | ഓഗസ്റ്റ് - സെപ്റ്റംബർ | 1. സ്കൂൾ ലൈബ്രറി<br>2.പുസ്തകങ്ങൾ |

| | | | |
|---|---|---|---|
| 3. ആസ്വാദനലോകം | ❖ പാടാനും പറയാനും കഴിയുന്ന പ്രതിഭകളെ കണ്ടെത്തി മറ്റു കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം നൽകുക.<br>❖ അറബിക് കഥകളും പാട്ടുകളും എൽസിഡി പ്രൊജക്റ്റിന്റെ സഹായത്തോടെ കാണാനു ള്ള അവസരം ഒരിക്കൽ | ഒക്ടോബർ നവംബർ | എൽസിഡി |
| 4 .അനുഭവലോകം | ❖ അറബിക് ഭാഷ കേൾക്കാനും അനുഭവിക്കാനും, ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യമുണ്ടാക്കുക.<br>❖ എൽസിഡി പ്രൊജക്റ്റിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട വീഡിയോ, പാട്ടുകൾ, സംഭാഷണങ്ങൾ കേൾപ്പിക്കുക | ഡിസംബർ | എൽസിഡി |
| 5 അറബിക് അസംബ്ലി | ❖ ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>❖ ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക.<br>❖ ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക | ജനുവരി | |

| | | | |
|---|---|---|---|
| 6. <u>നല്ല എഴുത്ത്</u><br>❖ കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | ❖ ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് ഷീറ്റുകൾ നൽകി പരിശീലനം നൽകുക.<br>❖ വർഷത്തിലൊരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക.<br>❖ വായന കാർഡ് നിർമ്മാണം<br>❖ സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങൾ കുട്ടികൾ ചാർട്ടിൽ നിർമ്മിക്കുന്നു.<br>❖ നേരത്തെ നിശ്ചയിച്ചതിനനുസരിച്ചുള്ള ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു. | ഫെബ്രുവരി<br>മാർച്ച് | പുസ്തകങ്ങൾ |

# ഇംഗ്ലീഷ് - അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം |
|---|---|---|---|
| ❖ ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | ❖ ക്ലാസ് ലൈബ്രറി സജ്ജീകരണം<br>❖ വായനാ കാർഡുകൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയുടെ ശേഖരണം.<br>❖ ആഴ്ചയിൽ രണ്ടുദിവസം വായനാ കാർഡുകൾ വായിക്കുന്നു | ജൂൺ<br>ജൂൺ - മാർച്ച് | ക്ലാസ് റൂം |
| ❖ റീഡേഴ്സ് ഓഫ് ദി മന്ത് | ❖ ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരം നൽകി റീഡേഴ്സ് ഓഫ് ദി മന്തിനെ ആദരിക്കുന്നു.<br>❖ പത്രവായന<br>❖ ക്ലാസിൽ വായന മത്സരം<br>❖ സ്കൂൾ തലം | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | ക്ലാസ് റൂം |
| ❖ തെറ്റുകൂടാതെ എഴുതുവാൻ പ്രാപ്തരാക്കുന്നു | ❖ കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.<br>❖ പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ ക്ലാസ് റൂമുകളിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | ക്ലാസ് റൂം |

| | | | |
|---|---|---|---|
| | ❖ ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്കുകൾ തെറ്റ് കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു | ജൂൺ - മാർച്ച് | |
| ❖ സംഭാഷണം | ❖ 5, 6, 7 ക്ലാസുകളിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം നൽകുന്നു.<br>❖ ഇംഗ്ലീഷ് ഭാഷയോട് അഭിരുചി വളർത്തുന്നതിനായി 5-ാം ക്ലാസിന് കഥ പറയൽ, സംഭാഷണം, 6-ാം ക്ലാസിന് സ്കിറ്റ്, കോറിയോഗ്രാഫി, 7 -ാം ക്ലാസിന് സ്കിറ്റ്, പുസ്തകാസ്വാദനം, കവിത, പ്രസംഗം തുടങ്ങിയവ ഉൾപ്പെടുത്തി ഫെസ്റ്റ് നടത്തുന്നു | | |

# ഹിന്ദി - അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം |
|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ❖ അക്ഷരകാർഡ്, അക്ഷരമരം<br>❖ ചിഹ്നം ഉറപ്പിക്കൽ<br>❖ വാക്കുകൾ എഴുതിയ കാർഡുകൾ<br>❖ വാക്കുകൾ നിർമ്മാണം<br>❖ വാക്യങ്ങൾ നിർമ്മാണം<br>❖ ചിത്രകാർഡുകൾ<br>❖ ക്ലാസിൽ അക്ഷരമാല പ്രദർശനം | 5,6,7 | ജൂൺ - മാർച്ച് |
| 2. ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | ❖ ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക | | |

| | | | |
|---|---|---|---|
| | ❖ ഹിന്ദിയിൽ എണ്ണം ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം<br>❖ ഹിന്ദി അസംബ്ലി നടത്തുക<br>❖ ഹിന്ദിയിലുള്ള കഥകൾ കവിതകൾ വായനാ കാർഡുകൾ എന്നിവ വായിപ്പിക്കുക<br>❖ അക്ഷരവാണി<br>❖ ഹിന്ദിയിൽ ചെറിയ ചെറിയ പ്രസംഗാവതരണം | | |

# മേഖല : UP -സാമൂഹ്യശാസ്ത്രം - അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| ❖ സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>❖ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പദപ്രശ്നങ്ങളും ക്വിസും ഒരു പഠിതാവിനും നൽകുന്നു.<br>❖ **ഓർമ്മച്ചെപ്പ്** അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തി മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ<br>ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ<br>സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| ❖ പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Vertual Field Trip**<br>ഐസിടി സാധ്യതകളുപയോഗിച്ച് ഇന്ത്യയിലെയും ലോകത്തിലെയും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | ജൂൺ മുതൽ (അക്കാദമിക വർഷം) | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| ❖ ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ❖ സ്കൂൾ പാർലമെൻറ് ജനാധിപത്യരീതിയിലുള്ള തെരഞ്ഞെടുപ്പ് രീതികൾ മനസ്സിലാക്കാൻ ഇലക്ഷൻ എല്ലാ ഘട്ടങ്ങളിലൂടെയും കുട്ടികളെ കൊണ്ടുപോകുന്നു.<br>❖ പഞ്ചായത്തിലേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | ജൂലൈ<br><br>ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ❖ പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ❖ പ്രകൃതിദുരന്തങ്ങൾ നേർക്കാഴ്ച വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങൾ (ഐസിടി സഹായത്താൽ) കാണിച്ച് പ്രകൃതിദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാർ ആക്കുകയും ചെയ്യുന്നു. | ജൂലൈ<br><br>ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| ❖ സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | ❖ കൈത്താങ്ങ്<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ, ജീവികൾ എന്നിവയ്ക്ക് വേണ്ട സഹായം അവരാൽ കഴിയുന്നത് ചെയ്യാൻ പ്രാപ്തമാക്കുന്നു . മിതവയത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരിതബാധിത പ്രദേശങ്ങളിൽ ആശ്വാസമായി മാറുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ❖ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | ❖ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ❖ ലഹരിമുക്ത തലമുറയെ വാർത്തെടുക്കൽ | ❖ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ<br>- ലഹരി വിരുദ്ധ റാലി<br>-ബോധവൽക്കരണ ക്ലാസുകൾ<br>-ദൃശ്യാവിഷ്കാരങ്ങൾ എന്നീ പ്രവർത്തനങ്ങളിലൂടെ ലഹരി മുക്ത നവകേരള സൃഷ്ടിക്കായി കുട്ടികളെ പ്രാപ്തരാക്കുന്നു | | |

| | | | |
|---|---|---|---|
| ❖ സ്കൂളും ക്ലാസും പരിസരവും പ്ലാസ്റ്റിക് വിമുക്ത മേഖലയാക്കൽ | ശുചിത്വ കേരളം<br>❖ മാലിന്യ സംസ്കരണം<br>❖ ഉറവിടമാലിന്യ സംസ്കരണം<br>❖ ശരിയായ രീതിയിലുള്ള മാലിന്യ സംസ്കരണം (ജൈവം അജൈവം)<br>❖ പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ ശേഖരണം<br>❖ പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗപ്രദമായ വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലബ്ബിലൂടെ പഠിതാക്കളിൽ എത്തിക്കുന്നു | | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| ❖ സാമൂഹ്യശാസ്ത്ര ലാബ് നവീകരിക്കൽ | ❖ ഐസിടി സാധ്യതയോടുകൂടിയ ലാബ്<br>❖ ഡിജിറ്റൽ അറ്റ്ലസ്, മാപ്പ് എന്നിവയുടെ ഉപയോഗത്തിലൂടെ പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

## മേഖല : UP അടിസ്ഥാനശാസ്ത്രം – അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| 1) എല്ലാ ക്ലാസിലെയും പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന പ്രവർത്തനങ്ങളും ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക | ❖ മുഴുവൻ പഠന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നു.<br>❖ പ്രക്രിയാധിഷ്ഠിത ക്ലാസ് മുറി പ്രവർത്തനങ്ങൾ<br>❖ നിരന്തര വിലയിരുത്തലിന് ആവശ്യമായ പ്രവർത്തനങ്ങൾ യൂണിറ്റ് ടെസ്റ്റുകൾ എന്നിവ കൃത്യമായി നൽകുന്നു | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ |
| 2) പരീക്ഷണ പ്രവർത്തനങ്ങളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കൽ | ❖ ക്ലാസ്സിൽ പരീക്ഷണങ്ങൾ ചെയ്യാൻ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു.<br>❖ പരീക്ഷണക്കുറുപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ |
| 3) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | ❖ നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| | ❖ പരീക്ഷണ കിറ്റുകളുടെ നിർമ്മാണം<br>❖ പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരണം തയ്യാറാക്കുന്നു.<br>❖ ഔഷധത്തോട്ടം പച്ചക്കറി തോട്ടം എന്നിവയുടെ നിർമ്മാണം | | |
| 4) കുട്ടികളിൽ ശാസ്ത്രാഭി രുചി വളർത്തൽ | ❖ സ്കൂൾതല സയൻസ് എക്സിബിഷൻ<br>❖ ശാസ്ത്രവിസ്മയ ചുമർ ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br>❖ യുറേക്ക<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | ഒക്ടോബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ<br>ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| 5) ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനികശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ❖ ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു<br>❖ പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രജ്ഞരുടെ ജീവിത ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകർ |

# ഗണിതം – അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| ❖ ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളെ ഉറപ്പിക്കൽ | ❖ വർക്ക് ഷീറ്റുകൾ, നമ്പർ കാർഡുകൾ എന്നിവ ഉപയോഗിച്ച് കുട്ടികളുടെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>❖ ക്ലാസിലെ ഗണിതത്തിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ മാസം | ഗണിത അധ്യാപകർ |
| ❖ നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ❖ ഇൻസ്ട്രുമെന്റ് ബോക്സിലെ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത ജ്യാമതീയ രൂപങ്ങളുടെ നിർമ്മിതി പ്രോത്സാഹിപ്പിക്കൽ | ജൂൺ – മാർച്ച് | ഗണിത അധ്യാപകർ |
| ❖ ആധുനികശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യത കൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തൽ | ❖ ഐടി സാധ്യതകളിലൂടെ ജിയോജ ജിയോജിബ്ര പ്രയോജനപ്പെടുത്തൽ<br>❖ ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ ഐ.ടി സാധ്യത പ്രയോജനപ്പെടുത്തൽ | ജൂൺ – മാർച്ച് | |

| | | | |
|---|---|---|---|
| ❖ ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടൽ | ❖ ഗണിത മാഗസിൻ ചുമർപത്രികകൾ സ്കൂൾതലത്തിൽ ഗണിതമേള ചോദ്യോത്തര പെട്ടി എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | സെപ്തംബർ - ഒക്ടോബർ | ഗണിത അധ്യാപകർ |
| ❖ ഗണിതകേളികൾ | ❖ ഗണിതവുമായി ബന്ധപ്പെട്ട കളികൾ, കുസൃതി കണക്കുകൾ ഗണിത കഥകൾ എന്നിവയുടെ ശേഖരണവും അവതരണവും പ്രോത്സാഹിപ്പിക്കൽ | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ |
| ❖ ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും | ❖ ഗണിത ക്വിസ് അവതരിപ്പിക്കൽ, ഗണിതപസ്സിലുകൾ നിർമ്മാണം അവയുടെ പ്രശ്നാവതരണം എന്നിവ പ്രോത്സാഹിപ്പിക്കൽ | രണ്ട് മാസം കൂടുമ്പോൾ | |

# ആരോഗ്യം – കായിക വിദ്യാഭ്യാസം അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ |
|---|---|---|---|---|
| ❖ കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കൽ | ❖ കുട്ടികളിലെ മാനസിക ഉല്ലാസത്തിനും ആരോഗ്യപരമായ ഉയർച്ചക്കും വേണ്ടി വിവിധ കളികൾ പരിശീലിപ്പിക്കൽ<br>❖ ചെറു വ്യായാമങ്ങൾ, സ്പോർട്സ് ഇനങ്ങൾ എന്നിവ പരിശീലിപ്പിക്കുന്നതുവഴി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.<br>❖ മാനസിക ഉല്ലാസത്തിനും, ശാരീരിക ആയാസത്തിനും യോഗ, എയ്റോബിക്സ്, സുംബ എന്നീ കായിക ഇനങ്ങളിൽ പരിശീലനം എല്ലാ കുട്ടികളേയും പരിഗണിച്ചുകൊണ്ട് അവസരം കൊടുക്കൽ | അധ്യാപകർ | ജൂൺ മുതൽ ഫെബ്രുവരി | സ്കൂൾ ഗ്രൗണ്ട്<br>ICT ക്ലാസ് റൂം |

# കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ കുട്ടികളുടെ സർഗവാസന കളെ പരിപോഷിപ്പിക്കൽ | ❖ കുട്ടിയുടെ സർഗവാസന കണ്ടെത്തു കയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക.<br><br>❖ സംഗീതം, നൃത്തം, അഭിനയം, കഥാരച ന, കവിതാ രചന, കവിതാലാപനം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുക ളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. തുല്യ പരിഗണന നൽകി എല്ലാവർക്കും അവസരം ലഭ്യമാക്കുന്നു. | ജൂൺ – ഫെബ്രുവരി | അധ്യാപകർ | |

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ തൊഴിലധിഷ്ഠിതമായ ജീവിത ശൈലിയെ വളർത്തുക<br>❖ എല്ലാ തൊഴിലിലും ഉള്ള ആദരവ് ഉണ്ടാക്കിയെടുക്കുക | ❖ തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകുന്നു.<br>❖ ചാർട്ടുകൾ, പേപ്പറുകൾ എന്നിവ കൊണ്ടുള്ള സൃഷ്ടികൾ നിർമ്മിക്കുന്നു.<br>❖ ഭക്ഷണ പദാർത്ഥങ്ങൾ ഉണ്ടാക്കാൻ കുട്ടികളെ സ്വയം പര്യാപ്തമാക്കുന്നു.<br>❖ ഉപയോഗ ശൂന്യമായ സാധനങ്ങൾ കൊണ്ട് ഉപയോഗപ്രദമായ സാമഗ്രികൾ ഉണ്ടാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>❖ കരകൗശല വസ്തുക്കൾ, ചവിട്ടി നിർമ്മാണം, ബാഡ്മിന്റൺ നെറ്റ് നിർമ്മാണം, എംബ്രോയിഡറി വർക്ക്സ് എന്നിവയിൽ അധ്യാപകർ പ്രാഥമിക പരിശീലനം നൽകുന്നു. | ജൂൺ – ഫെബ്രുവരി | അധ്യാപകർ | |